**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2402** **21-01-2021 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻസ് കോർപ്പറേഷൻ വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പൊതുമരാമത്ത് കരാറുകാർക്ക് വായ്പകൾ അനുവദിക്കാറുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 1) കരാർ തുകയുടെ 80%വരെ വർക്ക് എക്സിക്യൂഷൻ വായ്പ. 2) ബിൽ തുകയുടെ 90% വരെ ആദ്യകാല ബിൽ ഡിസ്കൗണ്ടിംഗ് വായ്പ. 3) പ്രോമിസറി നോട്ട് തുകയുടെ 100% വരെ സർക്കാർ ബിൽ ഡിസ്കൗണ്ടിംഗ് വായ്പ. 4) പെർഫോർമൻസ് ഗ്യാരണ്ടി. 5) യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനായുള്ള വായ്പ. 6) സോൾവെൻസി സർട്ടിഫിക്കറ്റ് സൗകര്യം. |
| (ബി) | ഫെയർ വാല്യൂ നിശ്ചയിച്ചിട്ടാണോ വായ്പ അനുവദിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയത് കരാറുകാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഫെയർ വാല്യൂവിന്റെ 3 അല്ലെങ്കിൽ 4 മടങ്ങാണ് സെക്യൂരിറ്റിയായി തന്നിരിക്കുന്ന വസ്തുവിന്റ വിലയായി കണക്കാക്കി വരുന്നത് കരാറുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കരാറുകാരുടെ സംഘടനയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റിയുടെ ആവശ്യകത ലോൺ തുകയുടെ 100% എന്നത് 50% ആക്കി നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നാഷണലൈസ്ഡ് ബാങ്കുകൾ മാർക്കറ്റ് വാല്യൂ അനുസരിച്ചു പ്രോപ്പർട്ടി വാല്യൂ നിശ്ചയിക്കുന്ന സമ്പ്രദായം കെ.എഫ്.സി.യും അനുവർത്തിക്കാമോ എന്ന് വ്യക്തമാക്കാമോ; | (സി) | മാർക്കറ്റ് വാല്യൂ അനുസരിച്ച് വസ്തുവിന്റ വില കണക്കാക്കുമ്പോൾ പലപ്പോഴും വ്യത്യസ്തമായ വിലകൾ ആണ് ഒരേ വസ്തുവിന് ലഭിക്കാറുള്ളത്. അതു കൂടാതെ തിരിച്ചടവ് മുടങ്ങിയ വായ്പകളിൽ കോർപ്പറേഷൻ വസ്തുക്കൾ വിൽപന നടത്തുന്ന അവസരത്തിൽ മാർക്കറ്റ് വാല്യൂ അനുസരിച്ച് വില കണക്കാക്കിയ വസ്തുക്കളിൽ ഈ വിലയുടെ പകുതിപോലും ലഭിക്കാതെ കോർപ്പറേഷന് സാമ്പത്തിക നഷ്ടം വരുന്ന സ്ഥിതി വിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ കൂടുതൽ സുതാര്യത ഈ വിഷയത്തിൽ അവലംബിക്കാനാണ് സർക്കാർ നിശ്ചയിച്ച ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിൽ വസ്തുവിന്റ വില നിശ്ചയിക്കുന്ന രീതി സ്വീകരിച്ചത്. |
| (ഡി) | കെ.എഫ്.സി. മുൻപ് കരാറുകാർക്ക് അനുവദിച്ച | (ഡി) | റദ്ദ് ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| | വായ്പകൾ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ